## 932

*രീതി: പുത്തനെരുശലേമേ*

1 ശുദ്ധർ സ്തുതിക്കും വീടേ ദൈവമക്കൾക്കുള്ളാശ്രയമേ
പരിലസിക്കും സ്വർണ്ണത്തെരുവീഥിയിൽ
അതികുതുകാൽ എന്നു ഞാൻ ചേർന്നീടുമോ-

വാനവരിൻ സ്തുതിനാദം സദാ മുഴങ്ങും ശാലേമിൽ
എന്നു ഞാൻ ചേർന്നീടുമോ പരസുതനെ എന്നു ഞാൻ ചേർന്നീടുമോ

2 മുത്തിനാൽ നിർമ്മിതമായുള്ള പന്ത്രണ്ടു ഗോപുരമെ
തവമഹത്വം കണ്ടിട്ടങ്ങാനന്ദിപ്പാൻ
മമ കൺകൾ പാരം കൊതിച്ചിടുന്നേ-

3 അന്ധത ഇല്ല നാടേ ദൈവതേജസ്സാൽ മിന്നും വീടേ
തവ വിളക്കാം ദൈവത്തിൻ കുഞ്ഞാടിനെ
അളവന്യേ പാടിസ്തുതിച്ചിടും ഞാൻ-

4 കഷ്ടതയില്ലാ നാടേ ദൈവഭക്തരിൻ വിശ്രമമേ
പുകൾ പെരുകും പുത്തനെരൂശലേമേ
തിരുമാർവ്വിൽ എന്നു ഞാൻ ചാരീടുമോ-

5 ശുദ്ധവും ശുഭ്രവുമായുള്ള ജീവജലനദിയിൻ
ഇരുകരയും ജീവവൃക്ഷഫലങ്ങൾ
പരിലസിക്കും ദൈവത്തിൻ ഉദ്യാനമേ-

6 കർത്ത്യ സിംഹാസനത്തിൻ ചുറ്റും വീണകൾ മീട്ടിടുന്ന
സുരവരരെ-ചേർന്നങ്ങു പാടീടുവാൻ
ഉരുമോദം പാളം വളരുന്നഹോ-

**A.M.**